ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളെ പ്രോൽസാഹിപ്പിക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടു പോകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **The government is moving forward with steps to promote traditional healing practices- Prime Minister Narendra Modi.**

2. പ്രധാനമന്ത്രിയുടെ പശ്ചിമ ബംഗാൾ, അസം സന്ദർശനത്തിന് നാളെ തുടക്കം. നിരവധി വികസനപ്രവർത്തനങ്ങൾ രാജ്യത്തിന് സമർപ്പിക്കും.

   **The Prime Minister's visit to West Bengal and Assam begins tomorrow. Several development projects will be dedicated to the country.**

3. ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

   **Both houses of Parliament have been adjourned indefinitely after the completion of the winter session.**

4. വിദേശ ശക്തികൾക്ക് ഭാരതത്തെ കോളനിയാക്കാൻ കഴിഞ്ഞത് ജനങ്ങളുടെ ഐക്യമില്ലായ്മ കാരണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

   **The reason why foreign powers were able to colonize India was due to the lack of unity of the people-Governor Rajendra Vishwanath Arlekar.**

5. മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളക്ക് തലസ്ഥാനത്ത് വർണാഭമായ കൊടിയിറ ക്കം.

**Colorful flag hoisting ceremony for the 30th Kerala International Film Festival in the capital.**

6. ഇന്ത്യക്ക് എതിരായ ട്വന്റി 20 പരമ്പരയിലെ അവസാനത്തെ മത്സരത്തിൽ ദക്ഷിണാഫ്രിക്കക്ക് ബോളിംഗ്.

**South Africa bowling in the last match of the Twenty-20 series against India.**

## PM-WHO SUMMIT…INTRO

പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളെ പ്രോൽസാഹിപ്പിക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടു പോകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ ആയുർവേദ പാരമ്പര്യം ലോകത്തിന് തന്നെ മുതൽകൂട്ടാണെന്നും അദ്ദേഹം പറഞ്ഞു. പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന രണ്ടാമത് ആഗോള ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

ഇന്ത്യയുടെ ശ്രമങ്ങളുടെയും 175 ലധികം രാജ്യങ്ങളുടെ സഹകരണത്തിന്റെയും ഫലമായി ജൂൺ 21 ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര യോഗ ദിനമായി പ്രഖ്യാപിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. ലോകാരോ ഗ്യസംഘടനയുടെ തലവൻ ടെഡ്രോസ് അദാനോം ഗെബ്രിയേസസും സമ്മേളനത്തെ അഭിസംബോധന ചെയ്തു.

## PM-WB ASSAM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പശ്ചിമ ബംഗാൾ, അസം സന്ദർശനത്തിന് നാളെ തുടക്കം. നാളെ ബംഗാളിലെത്തുന്ന പ്രധാനമന്ത്രി നാദിയ ജില്ലയിലെ റാണാഘട്ടിൽ ദേശീയ പാത പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിക്കും. ഏകദേശം 3,200 കോടി രൂപ ചെലവ് വരുന്ന രണ്ട് ദേശീയ പാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലുമാണ് പ്രധാനമന്ത്രി നിർവഹിക്കുന്നത്. തുടർന്ന് അദ്ദേഹം അസമിലേക്ക് പുറപ്പെടും.

## LS- IMPEACHMENT MOTION

മദ്രാസ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ജി.ആർ. സ്വാമിനാഥനെതിരെ പ്രതിപക്ഷ എംപിമാർ കൊണ്ടുവന്ന ഇംപീച്ച്മെന്റ് പ്രമേയം ചട്ടങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് പരിശോധിച്ചുവരികയാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. ഭരണഘടനയുടെ 217, 124 അനുച്ഛേദങ്ങൾ പ്രകാരം ജഡ്ജിയെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് ഡി.എം.കെയിലെയും മറ്റ് പ്രതിപക്ഷ പാർട്ടികളിലെയും എം.പിമാരാണ് സ്പീക്കർക്ക് പ്രമേയം നൽകിയത്. തിരുപ്പറൻ കുന്ദ്രം കുന്നിൻ മുകളിലെ ദർഗയ്ക്ക് സമീപമുള്ള കൽത്തൂണിൽ വിളക്ക് തെളിയിക്കാൻ ഭക്തർക്ക് ജസ്റ്റിസ് സ്വാമിനാഥൻ അടുത്തിടെ അനുമതി നൽകിയതാണ് ഡി.എം.കെയെ പ്രകോപിപ്പിച്ചത്.

## PARLIAMENT (INTRO)

ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ഈ മാസം

ഒന്നിന് ആരംഭിച്ച ശീതകാല സമ്മേളനത്തിൽ ആകെ 15 ദിവസമാണ് സഭ ചേർന്നത്. സുപ്രധാനമായ എട്ടു ബില്ലുകളും പാസാക്കി. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചും ദേശീയ ഗാനമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ചും ലോക്സഭയിലും രാജ്യസഭയിലും പ്രത്യേക ചർച്ചകൾ നടന്നു. .
**വിശദാംശങ്ങളിലേക്ക്.........**

(വോയിസ്)

## PARLIAMENT (VOICE)

നിരവധി സുപ്രധാന നിയമങ്ങൾ പാസാക്കിയാണ് സമ്മേളനം പിരിഞ്ഞത്. ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമായി വികസിത് ഭാരത് - ജി റാം ജി ബിൽ 2025 പാർലമെന്റ് പാസാക്കി. ആണവോർജ വിനിയോഗവുമായി ബന്ധപ്പെട്ട ബിൽ, ഇൻഷുറൻസ് നിയമങ്ങൾ ഭേദഗതി ചെയ്യുന്ന സബ്ക ബിമ സബ്കി രക്ഷ ബിൽ, റദ്ദാക്കലും ഭേദഗതി ചെയ്യലും ബിൽ എന്നിവ നടപ്പുസമ്മേളനത്തിൽ പാർലമെന്റ് അംഗീകാരം നൽകി. പുതിയ ബില്ലുകൾ രാജ്യത്തെ കോടിക്കണക്കിന് ആളുകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിലും ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കുന്നതിലും പ്രധാന പങ്ക് വഹിക്കുമെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ച് സഭയിൽ ഒരു പ്രത്യേക ചർച്ച നടക്കുന്നത് ഇതാദ്യമാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷനും തിരഞ്ഞെടുപ്പ് സംവിധാനത്തിനുമെതിരെ ഉന്നയിച്ച ആരോപണങ്ങൾ അസ്ഥാനത്തായെന്നും ശ്രീ റിജിജു പറഞ്ഞു.
**(റിജിജു വോയിസ്)**

സമ്മേളന കാലയളവിൽ ലോക്സഭ 111 ശതമാനം കാര്യക്ഷമമായി പ്രവർത്തിച്ചതായി സ്പീക്കർ ഓം ബിർള സമാപന പ്രസംഗത്തിൽ വ്യക്തമാക്കി. സമ്മേളന കാലയളവിൽ രാജ്യസഭ 121 ശതമാനം

കാര്യക്ഷമതയോടെ 92 മണിക്കൂർ പ്രവർത്തിച്ചതായി സഭാ അധ്യക്ഷൻ സി.പി.രാധാകൃഷ്ണനും അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## AMITH SHA-PORT SECURITY

രാജ്യത്തെ കപ്പലുകളുടെയും തുറമുഖങ്ങളുടെയും സുരക്ഷയ്ക്കായി ബ്യൂറോ ഓഫ് പോർട്ട് സെക്യൂരിറ്റി രൂപീകരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര അമിത് ഷാ പ്രത്യേക യോഗം വിളിച്ചുചേർത്തു. രാജ്യത്തുടനീളം ശക്തമായ ഒരു തുറമുഖ സുരക്ഷാ ചട്ടക്കൂട് സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് ശ്രീ. അമിത് ഷാ പറഞ്ഞു. കേന്ദ്ര തുറമുഖ, കപ്പൽഗതാഗത, മന്ത്രിയും കേന്ദ്ര സിവിൽ വ്യോമയാന മന്ത്രിയും യോഗത്തിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## TELANGANA-SURRENDER

തെലങ്കാനയിൽ, നിരോധിത നക്സൽ സംഘടനയായ സിപിഐ മാവോയിസ്റ്റിന്റെ നേതാക്കളടക്കം 41 പ്രവർത്തകർ പൊലീസിന് മുന്നിൽ കീഴടങ്ങി. എ.കെ-47 ഉൾപ്പെടെ 24 തോക്കുകളും ഇവർ അടിയറ വെച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## LOK BHAVAN

വലിയ ശക്തി ആയിരുന്നിട്ടും ഒത്തൊരുമ ഇല്ലാത്തത് കാരണമാണ് വിദേശ ശക്തികൾക്ക് ഭാരതത്തെ കോളനിയാക്കാൻ കഴിഞ്ഞതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഗോവ വിമോചന ദിനത്തോടനുബന്ധിച്ച് ലോക് ഭവനിൽ, കേരളത്തിൽ നിന്നും ഗോവ വിമോചന സമരത്തിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്ന ചടങ്ങിൽ

പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഗോവയെ മോചിപ്പിക്കാൻ ഭാരതം ഒരുമിച്ചതായും, ശ്രീ.ആർലേക്കർ പറഞ്ഞു

## IFFK

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീണു. വൈകിട്ട് നിശാഗന്ധിയിൽ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാര ജേതാവ് അബ്ദെറഹ്മാൻ സിസാക്കോയ്ക്ക് മുഖ്യമന്ത്രി പുരസ്കാരം സമ്മാനിച്ചു. മേളയിലെ മികച്ച മലയാളം സിനിമയ്ക്കുള്ള നെറ്റ് പാക് പുരസ്കാരം ഫ്ലിട് കി ഗാവും, തന്തപ്പേരും പങ്കിട്ടു.

## INDIA - SA - T-20

ഇന്ത്യക്ക് എതിരായ ട്വന്റി 20 പരമ്പരയിലെ അവസാനത്തെ മത്സരത്തിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്കക്ക് ബോളിംഗ്. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ വിക്കറ്റൊന്നും നഷ്ടപ്പെടാതെ 4 ഓവറിൽ. ഇന്ത്യ 37 റൺ എടുത്തു. പരമ്പരയിലെ നാലാം മത്സരം കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ഉപേക്ഷിച്ചിരുന്നു. നിലവിൽ 2-1 ന് മുന്നിലാണ് ഇന്ത്യ.

## GEORGE KURIAN

ഇന്ത്യൻ കരകൗശല വസ്തുക്കളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ടുള്ള ഗാന്ധി ശിൽപ ബസാർ - കൊച്ചിൻ ക്രാഫ്റ്റ് ഫെസ്റ്റ് 2025 പ്രദർശന മേള നാളെ ആരംഭിക്കും. എറണാകുളത്തെ മറൈൻ ഡ്രൈവിന് സമീപമുള്ള ശിവക്ഷേത്ര ഗ്രൗണ്ടിൽ കേന്ദ്ര നടക്കുന്ന

പരിപാടി നാളെ വൈകുന്നേരം 4.30 ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

## GOVERNOR CONGRATS SEC

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് വിജയകരമായി നടത്തിയതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാനെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ അഭിനന്ദിച്ചു. പൊതുതിരഞ്ഞെടുപ്പിന്റെ റിപ്പോർട്ട് സമർപ്പിക്കാൻ ലോക് ഭവനിൽ എത്തിയ കമ്മീഷണറെ ഗവർണർ പൊന്നാടയണിയിച്ചാദരിച്ചു.

## LSGD OATH

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലെ ഭരണ സമിതികളുടെ കാലാവധി നാളെ അവസാനിക്കും. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ 21 ന് പൂർത്തിയാകും. പുതിയ ഭരണസമിതികളും അന്നേ ദിവസം ചുമതയേൽക്കും.

## CM LABOUR CONCLAVE

ആഗോളതലത്തിൽ തന്നെ മൂലധന ശക്തികളും തൊഴിൽ ശക്തികളും തമ്മിലുള്ള അസമത്വം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. ദേശീയ ലേബർ കോൺക്ലേവ് 2025 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. അത്തരം ഒരു കാലഘട്ടത്തിൽ തൊഴിലാളി വർഗത്തിന്റെ പക്ഷത്തു നിൽക്കുക എന്നത് ഒരു ജനാധിപത്യ സർക്കാരിന്റെ

രാഷ്ട്രീയവും ധാർമികവുമായ ചുമതലയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## LABOUR CODE

കേന്ദ്ര സർക്കാറിന്റെ ലേബർ കോഡുകളെക്കുറിച്ച് പഠിക്കാൻ മൂന്നംഗ സമിതിയെ നിയോഗിച്ചതായി മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. ഗോപാല ഗൌഡ അധ്യക്ഷനായി, പ്രൊഫ. ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ അടങ്ങുന്ന സമിതിയെയാണ് നിയോഗിച്ചത്. ലേബർ കോഡുകളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും സമിതി പരിശോധിക്കും. ഒരു മാസത്തിനകം സമിതി പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## RATAN U KELKAR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ മാസം 23 ന് പുറത്തിറക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ. സംസ്ഥാനത്ത് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## YADAV- AIR POLLUTION

ഡൽഹി-ദേശീയ തലസ്ഥാന മേഖലയിലെ വായു നിലവാരം ഒരു ആഴ്ചയ്ക്കുള്ളിൽ മെച്ചപ്പെടുത്തുന്നതിലെ പുരോഗതി ഉറപ്പാക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് അധികാരികൾക്ക് നിർദ്ദേശം നൽകി. ന്യൂഡൽഹിയിൽ ഇന്ന് നടന്ന ഉന്നതതല

അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിലവിലുള്ള മോശം വായു ഗുണനിലവാരം പരിഹരിക്കുന്നതിനായി ഡൽഹി, ഹരിയാന, ഉത്തർപ്രദേശ്, മുനിസിപ്പൽ ബോഡികൾ എന്നിവ സമർപ്പിച്ച കർമ്മ പദ്ധതികളും മന്ത്രി അവലോകനം ചെയ്തു.